കുട്ടനാട് പാക്കേജ്

272 (1713) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടു പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കുളങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെട്ട പദ്ധതികൾക്കായി 2014-15 വർഷക്കാലം ഓരോ വകുപ്പിനും വകയിരുത്തിയ തുക എത്രയെന്നു വ്യക്തമാക്കുമോ ; ഓരോ വകുപ്പും ഒക്ടോബർ 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം 1-ൽ കാണാവുന്നതാണ്.*

(ബി) അനുബന്ധം 2-ൽ കാണാവുന്നതാണ്.*

കുട്ടനാട് പാക്കേജ് - നിലവിലെ പ്രവൃത്തികൾ

273 (1714) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജ് ഇപ്പോൾ നിലവിലുണ്ടോ ; 2012-ൽ കുട്ടനാട് പാക്കേജ് അവസാനിച്ചു എന്ന കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ നിലപാട് മറികടക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) കുട്ടനാട് പാക്കേജിന്റെ പേരിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ; ഇതുമൂലം പ്രദേശത്ത് എന്തെങ്കിലും നേട്ടമുണ്ടാക്കാനായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(സി) നിലവിൽ പാക്കേജിന്റെ ഭാഗമായി എന്തൊക്കെ പ്രവൃത്തികൾ നടക്കുന്നുണ്ട് ; ഓരോ പ്രവൃത്തികൾക്കും ചെലവാകുന്ന തുക ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) പ്രവൃത്തികൾ ഏതു ഘട്ടംവരെയായി എന്നും എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായിട്ടാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ 7-10-2014-നും 16-10-2014-നും ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(ബി) നാളിതുവരെ 400.904 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമൂലം പ്രദേശത്ത് നേട്ടമുണ്ടാക്കാനിടയുണ്ട്. വിശദവിവരം അനുബന്ധം 1-ൽ കാണാവുന്നതാണ്*

(സി) അനുബന്ധം 2-ൽ കാണാവുന്നതാണ്.*

(ഡി) പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നു. ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL-1, KEL-2, 13-ാം ധനകാര്യ കമ്മീഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 2015 മാർച്ച് വരെയും KEL-3, ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

വീടുകളിലെ പച്ചക്കറി കൃഷി

274 (1715) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) ഇതിനായി കൃഷി ഭവനുകൾ മുഖേന എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീടുകളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു :

1. സ്കൂൾ വിദ്യാർത്ഥികൾ മുഖേന വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly